"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില - സി.എച്ച്.ആർ.ഡി., കൊട്ടാരക്കര - 2018-19 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ആവർത്തന ഗ്രാന്റിനു തുല്യമായ 144.89 ലക്ഷം രൂപയുടെ സംസ്ഥാന വിഹിതം 2515-00-102-32 (Plan) എന്ന ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ.(സാധാ) നം.1971/2019/ത.സ്വ.ഭ.വ　　　　തീയതി,തിരുവനന്തപുരം, 13/09/2019

പരാമർശം:- 1. 30.03.19-ലെ സ.ഉ.(സാധാ) നം.776/2019/ത.സ്വ.ഭ.വ. ഉത്തരവ്

2. 31.03.19-ലെ സ.ഉ.(സാധാ) നം.780/2019/ത.സ്വ.ഭ.വ. ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 25.04.19-ലെ PAN/2470/19-J5(DP) നമ്പർ കത്ത്.

**ഉത്തരവ്**

2018-19 വർഷം കില-സി.എച്ച്.ആർ.ഡി.-യുടെ ആവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിനായി പരാമർശം (1) & (2) ഉത്തരവുകൾ പ്രകാരം യഥാക്രമം 74.75 ലക്ഷം രൂപയും 70.14 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 144.89 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിലേക്ക് 2019-20 വർഷത്തിൽ പ്രൊപോസൽ സമർപ്പിക്കണമെന്ന പരാമർശം (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തിൽ 2515-00-102-32 (P) എന്ന ശീർഷകത്തിൽ നിന്ന് 144.89 ലക്ഷം രൂപാ റിലീസ് ചെയ്യുന്നതിന് സൂചന (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന കില ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-19 സാമ്പത്തിക വർഷത്തിലെ കില-സി.എച്ച്.ആർ.ഡി.-യുടെ ആവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിന് ലഭിച്ച കേന്ദ്ര ആവർത്തന ഗ്രാന്റിന് തുല്യമായ 144.89 ലക്ഷം രൂപയുടെ സംസ്ഥാന വിഹിതം, 2515-00-102-32 (P) എന്ന ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകിയും പ്രസ്തുത തുക വിതരണം ചെയ്യുന്നതിലേക്ക് ഡി.ഡി.ഒ. ആയ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ.

റീജിയണൽ ഡയറക്ടർ, കില - സി.എച്ച്.ആർ.ഡി, കൊട്ടാരക്കര.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA)), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (U.O. No.DEV-2/142/2019-FIN തീയതി 25/07/2019)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.